LIBRARY ARCHIVES Kerala Legislative Assembly

മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വൈദ്യുതി

26 (*776) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ആവശ്യപ്പെട്ട് ഏതെങ്കിലും സംസ്ഥാനത്തിന് കത്തെഴുതിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങൾക്കാണ് കത്തെഴുതിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കത്തുകൾക്ക് ഏതെങ്കിലും സംസ്ഥാനത്തുനിന്ന് മറുപടി ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(സി) വൈദ്യുതി ലഭിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത സംസ്ഥാനങ്ങൾക്ക് മുമ്പാകെ വച്ചിട്ടുള്ളത് ; ഇതുപ്രകാരം എത്രമാത്രം വൈദ്യുതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ-സി) നിലവിൽ കേരളത്തിന്റെ ആഭ്യന്തര ഉപയോഗം നിറവേറ്റുന്നതിനായി വൈദ്യുതി ലഭിക്കാതെ വരികയും ഈ കാലയളവിൽ തമിഴ്നാട്ടിൽ വൈദ്യുതി അധികമായി ലഭിക്കാൻ സാധ്യത മുന്നിൽ കാണുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവിടെ ആഭ്യന്തര ആവശ്യം കഴിഞ്ഞു വരുന്ന വൈദ്യുതി വാങ്ങാൻ കേരളം തയ്യാറാണെന്ന് കാണിച്ച് ഒരു കത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് 18-6-2014-ൽ അയച്ചിട്ടുണ്ട്. എന്നാൽ ഇതിന് മറുപടി ലഭിച്ചിട്ടില്ല. തമിഴ്നാട് സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിലും വ്യവസ്ഥകൾക്കും അനുസരിച്ച് പ്രസ്തുത വൈദ്യുതി കേരളത്തിനുവേണ്ടി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വാങ്ങാമെന്നാണ് ഇതിൽ സൂചിപ്പിച്ചിരുന്നത്.

പ്രാഥമിക ഹൗസിംഗ് വായ്പാസംഘങ്ങളുടെ പ്രവർത്തനം

27 (*777) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥിരം വരുമാനമുള്ള സർക്കാർ ജീവനക്കാരെ ഹൗസിംഗ് സഹകരണ മേഖലയിലേക്ക് ആകർഷിച്ച് പ്രാഥമിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിൽ നിന്ന് എടുത്തിട്ടുള്ള വായ്പകൾക്ക് നിലവിൽ പലിശ സബ്സിഡി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(സി) പലിശ സബ്സിഡി ആകർഷകമാക്കി ഹൗസിംഗ് സഹകരണ മേഖലയിലെ പ്രാഥമിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) ഉണ്ട്. സർക്കാർ ജീവനക്കാർക്ക് നൽകിയിരുന്ന പലിശ സബ്സിഡി വീണ്ടും അനുവദിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ട്.

(ബി) പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിൽനിന്ന് എടുത്തിട്ടുള്ള വായ്പകൾക്ക് നിലവിൽ പലിശ സബ്സിഡി നൽകുന്നില്ല.

(സി) ഹൗസിംഗ് ഫെഡറേഷനിലെ ഒരു സാമ്പത്തിക വർഷത്തെ ഡിമാന്റ് തൻവർഷത്തിൽ തന്നെ അടയ്ക്കുന്ന സംഘങ്ങൾക്ക് നൽകിയിരുന്ന 0.5% പലിശ റിബേറ്റ് 1-4-2014 മുതൽ 1% ആയി ഉയർത്തിയിട്ടുണ്ട്. ഫെഡറേഷന്റെ സാമ്പത്തിക സ്ഥിതി കൂടുതൽ മെച്ചപ്പെടുത്തി ആകർഷകമായ രീതിയിൽ പലിശ നിരക്ക് നിശ്ചയിച്ചു നൽകുന്നതുൾപ്പെടെ നടപ്പിൽ വരുത്തി പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ

28 (*778) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ ;

(ബി) രാജഭരണ കാലം മുതൽ ട്രഷറികളിൽ ശേഷിച്ചിട്ടുള്ള പിൻവലിക്കപ്പെട്ട നാണയങ്ങൾ, നോട്ടുകൾ, മറ്റ് ചരിത്രവസ്തുക്കൾ എന്നിവയെ സംബന്ധിച്ച വിവരശേഖരണം നടത്തി അവ ലേലം ചെയ്തു മുതൽക്കൂട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly